(സി) ഇല്ല.

(ഡി-എഫ്) ബാധകമല്ല.

തീരദേശപോലീസ് സ്റ്റേഷനുകളിലെ എസ്.ഐ.-മാരുടെ ഒഴിവുകൾ

190 (6339) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ എത്ര എസ്. ഐ.-മാരുടെ ഒഴിവുകൾ നിലവിലുണ്ട് ;

(ബി) തീരദേശ പോലീസ് സ്റ്റേഷനുകളിൽ എസ്. ഐ.-മാരുടെ തസ്തികകൾ അനുവദിച്ചത് സംബന്ധിച്ച 6-2-2009-ലെ 17/09/Home നമ്പർ ഉത്തരവും അതിനുശേഷമുള്ള ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ ;

(സി) നിലവിലുള്ള എല്ലാ തീരദേശ പോലീസ് സ്റ്റേഷനിലെ എസ്. ഐ.- മാരുടെ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും ഒഴിവുകൾ നികത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6 (ആറ്) എസ്.ഐ.-മാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എ. ആർ. സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ

191 (6340) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിൽ ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പുതിയതായി എത്ര ഡി. പി. ഒ.-കൾ നിലവിൽ വന്നുവെന്നും ആയതിലേക്ക് പുതിയതായി എത്ര എ. ആർ. സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവെന്നും ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) പ്രസ്തുത തസ്തികകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ;

(സി) ആറുമാസത്തിലധികമായി ദീർഘകാലാവധിയിൽ പ്രവേശിച്ചിരിക്കുന്ന എത്ര എ. ആർ. സബ് ഇൻസ്പെക്ടർമാർ നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആംഡ് റിസർവ്വുകളിലുമായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഇത്തരം ദീർഘകാലാവധി വിവരങ്ങൾ കെ. പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ആയത് പ്രകാരം ഇത്തരം അവധി വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(എഫ്) ആറ് മാസത്തിലധികമായി മറ്റ് യൂണിറ്റുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ എത്ര എ. ആർ. സബ് ഇൻസ്പെക്ടർമാർ ജോലി നോക്കിവരുന്നു എന്നറിയിക്കാമോ ; ആയത് കെ. പി. എസ്. സി.-യിൽ പൂർണ്ണമായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് ഡിസ്ട്രിക്റ്റ് ആംഡ് റിസർവ്വ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ കാലാവധി എന്നവസാനിക്കുമെന്ന് അറിയിക്കാമോ ;

(എച്ച്) ഒഴിവുകൾ യഥാസമയം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത കാരണത്താൽ പ്രസ്തുത ലിസ്റ്റിലുള്ള നിയമനം യഥാസമയം സാദ്ധ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) രണ്ട് ഡിസ്ട്രിക്ട് പോലീസ് ഓഫീസുകൾ നിലവിൽ വന്നിട്ടുണ്ട്. ആയതിലേക്ക് റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(സി) രണ്ട് റിസർവ്വ് സബ് ഇൻസ്പെക്ടർമാരുണ്ട്.

(ഡി-എഫ്) ഉണ്ട്. ദീർഘകാല അവധിയിൽ പോയ ആൾ ഡയറക്ട് റിക്രൂട്ട്മെന്റ് ആണെങ്കിൽ മാത്രമേ ആ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളു. ഇതിനായി എ.ആർ. ലോക്കൽ ഇന്റഗ്രേഷന് ശേഷം റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം ബന്ധപ്പെട്ട റേഞ്ച് ഐ.ജി. മാരിൽനിന്നും ശേഖരിച്ചുവരികയാണ്. ഇത് ലഭ്യമായാലുടൻ തന്നെ ഡയറക്ട് റിക്രൂട്ട്മെന്റിന് അനുവദനീയമായ ഒഴിവുകളുടെ എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ഇപ്രകാരം ആറ് മാസത്തിലധികമായി മറ്റ് യൂണിറ്റുകളിൽ 12 റിസർവ്വ് സബ് ഇൻസ്പെക്ടർമാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കിവരുന്നുണ്ട്.

(ജി) ഉണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 10-9-2016-ൽ അവസാനിക്കുന്നതാണ്.

(എച്ച്) ഇല്ല. ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly